
# വേർപാട് ദർശനം
# VERPAD DARSANAM

2023
MAY



## ഇലക്ട്രോണിക് മാധ്യമം
### ആത്മീക ജീവിതത്തെ സ്വാധീനിക്കുമോ?

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദ്റൺ പ്രസിദ്ധീകരണം

# വേർപാട് ദർശനം
# VERPAD DARSANAM

## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**പത്രാധിപ സമിതി**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഉപദേശക സമിതി**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ജോർജ്ജ് പീറ്റർ
4. ചാണ്ടപ്പിള്ള ഫിലിപ്പ്
5. ഡോ. എം.പി. ജോസഫ്
6. പ്രൊഫ. മാത്യൂസ് ഏബ്രഹാം
7. ഡോ. പി.എം. ജോർജ്ജ്കുട്ടി
8. എം.സി. ജോർജ്ജ്
9. എസ്.കെ. ഡേവിഡ്
10. റെജി കെ. തോമസ്

**മീഡിയ സമിതി**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. മാത്യു പ്രസാദ്
5. റിജോയ് പൗലോസ്
6. സാം പി. വർഗ്ഗീസ്
7. ബെന്നി മാത്യു

**മാനേജ്മെന്റ് സമിതി**

1. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
2. സാമുവേൽ പി. വർക്കി
3. രഞ്ജിത്ത് കുമാർ
4. വർക്കി ജോർജ്ജ്
5. രാജു കെ. തോമസ്
6. റെജി കെ. പോൾ
7. ഡോ. ആനന്ദ് ഫിലിപ്പ്
8. ജെയിംസ് തിയോഫിൽ

**ഓവർസീസ് പത്രാധിപസമിതി**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ,
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**നിയമ ഉപദേഷ്ടാവ്**

അഡ്വ. കാന്തരാജു

**ഡിസൈൻ & ലേ ഔട്ട്**

*Apt Designs*



# ഇലക്ട്രോണിക് മാധ്യമം
## ആത്മീക ജീവിതത്തെ സ്വാധീനിക്കുമോ?

ആധുനിക ലോകം ശാസ്ത്ര സാങ്കേതിക വിദ്യകളിൽ ഓരോ നിമിഷവും മുന്നേറിക്കൊണ്ടിരിക്കുന്നു. ശാസ്ത്ര വീക്ഷണത്തിൽ നല്ല കാര്യം തന്നെ എന്ന് പറയാം. എന്നാൽ നാം അറിയാതെ തന്നെ സംഭവിക്കുന്ന ചില ഭവിഷ്യത്തുകളും അതിനു പിന്നിൽ ഒളിച്ചിരിക്കുന്നു. കാൽക്കുലേറ്റർ ഇല്ലാതിരുന്ന കാലത്ത് എത്ര വലിയ തുകയും മനുഷ്യൻ മനസ്സിൽ കണക്ക് കൂട്ടുമായിരുന്നു. പിന്നീട് എഴുതി കൂട്ടുവാൻ തുടങ്ങി. സാങ്കേതികത വർദ്ധിച്ചപ്പോൾ കാൽക്കുലേറ്റർ ഇല്ലാതെ നിസ്സാര കാര്യങ്ങളുടെ കണക്കുപോലും കൂട്ടുവാൻ സാധിക്കാതെ വന്നിട്ടില്ലേ? ഒരു കാലത്ത് ബന്ധുക്കളുടെയും വേണ്ടപ്പെട്ടവരുടെയും ഫോൺ നമ്പരുകൾ നമുക്ക് മനഃപാഠം ആയിരുന്നു. എന്നാൽ മൊബൈൽ സർവ്വ സാധാരണം ആയപ്പോൾ പലർക്കും സ്വന്തം നമ്പർ പോലും മൊബൈലിൽ നോക്കി പറയേണ്ട സ്ഥിതി വന്നിരിക്കുന്നു.

സാങ്കേതികത നല്ലത് തന്നെ എങ്കിലും അത് മനുഷ്യന്റെ ക്രിയാത്മകതയെ ദോഷകരമായി ബാധിക്കുന്നു എന്നതിന് ഏറ്റവും ലളിതമായ ഉദാഹരണങ്ങൾ ആണിത്.

സാങ്കേതികത നമ്മുടെ ആത്മീക ജീവിതത്തെയും സാരമായി ബാധിച്ചു തുടങ്ങിയിട്ടില്ലേ? പണ്ട് ഒരു ആരാധനാ ചിന്ത, പ്രസംഗം തയ്യാറാക്കുവാൻ ബൈബിൾ എത്രയോ പ്രാവശ്യം വായിക്കേണ്ടിയിരുന്നു. അതുകൊണ്ട് തന്നെ ബൈബിൾ വായിക്കുന്നതിനൊപ്പം ശ്രദ്ധേയമായ വാക്യങ്ങൾ മനഃപാഠം ആക്കുന്ന പതിവും പ്രായഭേദമില്ലാതെ വിശ്വാസികൾക്ക് ഉണ്ടായിരുന്നു. തന്മൂലം അവരുടെ കയ്യിലെ ബൈബിൾ മുഷിഞ്ഞതും വരകളും കുറിപ്പുകളും നിറഞ്ഞതും ആയിരുന്നു. എന്നാൽ കാലം മാറി ഇന്ന് ബൈബിൾ മൊബൈലിലും കമ്പ്യൂട്ടറിലും ലഭ്യമായി. വേണ്ട വേദഭാഗങ്ങളും അതുമായി ബന്ധപ്പെട്ട വാക്യങ്ങളും വ്യാഖ്യാനങ്ങളും കണ്മുമ്പിൽ വന്നു തെളിയുന്നു. തന്മൂലം ബൈബിൾ വായിക്കുന്ന പതിവ് നമ്മിൽ നിന്നും അന്യമായി തുടങ്ങിയിട്ടില്ലേ. ഭൗതിക വിഷയങ്ങളിൽ എന്ന പോലെ നമ്മുടെ ആത്മീക ജീവിതത്തിലും സാങ്കേതികത ഉദാസീനതയ്ക്ക് വഴി തെളിച്ചിട്ടില്ലേ എന്നത് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇന്ന് സഭാഹാളുകളിൽ ആരാധനയ്ക്കും മറ്റു ശുശ്രൂഷകൾക്കും പോകുന്ന പലരും മൊബൈലിൽ ബൈബിൾ ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു. മൊബൈലിൽ ബൈബിൾ മാത്രമല്ല ഉള്ളത് എന്നത് കൊണ്ടും മനുഷ്യ മനസ്സ് ദൈവസാന്നിധ്യത്തിൽ പോലും വശ്യമായ കാര്യങ്ങൾക്ക് പിന്നാലെ പോകുമെന്നത് കൊണ്ടും മറ്റ് വിഷയ

ങ്ങളിലേക്ക് ചിന്തകളും ശ്രദ്ധയും മാറ്റുവാനും ആത്മീക ജീവിതത്തെ തന്നെ അത് സാരമായി ബാധിക്കുവാനും സാധ്യത ഏറെയാണ് എന്ന് തുറന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. സഭാ കൂടിവരവുകളിൽ പ്രിന്റ് ചെയ്ത ബൈബിൾ ഉപയോഗിക്കുന്നതും ആത്മീക ആലോചനകൾ എഴുതി സൂക്ഷിക്കുന്നതും നല്ല ആത്മീക പരിചയങ്ങൾ ആണ്. അത് ദീർഘകാല സ്വാധീനം നമ്മിൽ ചെലുത്തുവാനും ഉപകരിക്കും.

മുൻകാലങ്ങളിൽ ബൈബിൾ ക്ലാസുകളും മറ്റും ഡയറിയിൽ എഴുതി സൂക്ഷിക്കുന്ന പതിവ് നമുക്ക് ഉണ്ടായിരുന്നു. എന്നാൽ മൊബൈൽ വന്നതോട് കൂടി മൊബൈലിൽ നോട്ട് പാഡിൽ കുറിച്ച് വെക്കുവാൻ ചിലർ ശ്രദ്ധിക്കുന്നു. എന്നാൽ അതിലേക്ക് നമ്മുടെ ശ്രദ്ധ പിന്നീട് പോകുന്നുണ്ടോ എന്നത് വിചിന്തനം ചെയ്യുന്നത് നമ്മുടെ പുതുപരിചയങ്ങൾ അനുഗ്രഹമോ ആപത്തോ എന്ന് തിരിച്ചറിയുവാൻ ഉപകരിക്കും.

കൊറോണ കാലത്ത് പ്രചുര പ്രചാരം നേടിയ ഒന്നാണ് സൂം ബൈബിൾ ക്ലാസ്സുകൾ. ഇപ്പോൾ അത് ഒരു പ്രധാന വചന പഠന വേദിയായി പരിണമിച്ചു കഴിഞ്ഞു. വിവിധ രാജ്യങ്ങളിൽ ഉള്ളവർക്ക് ഒരുമിച്ചു ചേർന്ന് വചനം പഠിക്കാം എന്ന മേന്മ ഉള്ളപ്പോൾ തന്നെ, നമ്മിൽ വ്യാപരിച്ചിരുന്ന ദൈവിക സാന്നിധ്യ ബോധം നഷ്ടപ്പെട്ടു പോയില്ലേ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. സഭാഹാളിൽ, കുടുംബങ്ങളിൽ കൂടിവന്ന് വചനം പഠിക്കുകയും കൂട്ടായ്മ അനുഭവിക്കുകയും ചെയ്തിരുന്ന നമ്മൾ യോഗ്യമായി വസ്ത്രം ധരിക്കുവാനും ബൈബിളും മറ്റും കൈയ്യിൽ കരുതുവാനും പ്രത്യേകം ശ്രദ്ധിച്ചിരു

ന്നു. എന്നാൽ സൂമിൽ പലരും വീട്ടിൽ ഇരിക്കുന്ന അതേ ലാഘവത്തോടെ ബൈബിൾ ക്ലാസ്സിൽ ഇരിക്കുന്നു. ക്യാമറ ഓഫായതിനാൽ ആരും കാണുന്നില്ല എന്ന ചിന്തയാണ് കാരണം. എന്നാൽ കർത്താവിന്റെ സാന്നിധ്യത്തെ നാം വിസ്മരിച്ചു പോകുന്നത് വലിയ വ്യതിചലനങ്ങൾക്ക് ഇടയാക്കുമെന്നത് മറക്കരുതേ. നാം അറിയാതെ തന്നെ ഇന്റർനെറ്റ് നമ്മിലെ ദൈവഭയത്തെയും മാനുഷ ശങ്കകളെയും എടുത്തുകളഞ്ഞു എന്ന് പറഞ്ഞാൽ തെറ്റാവില്ലല്ലോ.

സൂമിൽ ബൈബിൾ ക്ലാസ് നയിക്കുന്നവർ ഭൂരിഭാഗവും ബൈബിൾ വാക്യങ്ങൾ പൂർണ്ണമായി റഫറൻസ് സഹിതം കാണിക്കുന്നത് കൊണ്ട് പലരും ബൈബിൾ പോലും ഇല്ലാതെ സിനിമ കാണുന്ന ലാഘവത്തോടെ ബൈബിൾ ക്ലാസ്സിൽ ഇരിക്കുന്നു എന്നുപറയാതെ തരമില്ല. കണ്ടു മറന്നു പോകുന്ന അനുഭവമായി പരിണമിക്കുന്നുവോ എന്ന് സ്വയ ശോധന ചെയ്യേണ്ടിയിരിക്കുന്നു. സൂമിൽ വചനം പഠിക്കുന്നതും പഠിപ്പിക്കുന്നതും തെറ്റല്ല. അത് നല്ലൊരു മാധ്യമം തന്നെയാണ്. എന്നാൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും യോഗ്യമായ വസ്ത്രധാരണത്തോടെയും, ബൈബിൾ കയ്യിൽ കരുതി റഫറൻസ് മറിച്ച് നോക്കിയും കുറിച്ചെടുത്തും ദൈവസന്നിധിയിൽ എന്ന ബോധ്യത്തോടെ പങ്കെടുക്കുന്നില്ല എങ്കിൽ ക്രമേണ വലിയ ആത്മീക പതനത്തിൽ ചെന്ന് പര്യവസാനിക്കുകയില്ലേ എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

അതുപോലെ തന്നെ യുട്യൂബ് നല്ല ഒരു മാധ്യമമാണ്. ആത്മീക ഗാനങ്ങളും വചന പഠനങ്ങളും മറ്റുള്ളവരിൽ എത്തിക്കുവാനും നമുക്ക് പഠിക്കു

വാനും ഉത്തമ ഉപാധി തന്നെയാണ്. എന്നാൽ അതിനെ കൂടുതൽ ആശ്രയിക്കുന്നത് നമ്മുടെ വ്യക്തിപരമായ വചന ധ്യാനത്തെയും പഠന ത്തെയും ദോഷമായി ബാധിക്കാനുള്ള സകല സാധ്യതയുമുണ്ട്. ബൈബിൾ പഠിക്കാനുള്ള ആഗ്രഹത്തോടെ യുട്യൂബിൽ കയറിയാൽ അവിടെ കാണുന്ന വശ്യമായ പല ലിങ്കിലേക്കും നാം അറിയാതെ തന്നെ ആനയിക്കപ്പെടുകയും വചന പഠനം എന്ന വിഷയം തന്നെ മറന്നു പോകാനുള്ള സാധ്യതയും വളരെ അധികമാണ്.

മാധ്യമങ്ങളും സാങ്കേതികയും വളരെ നല്ലതാണ്. അത് ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്നിരി ക്കുമ്പോൾ തന്നെ അത് ഒരു വിശ്വാസിയുടെ വ്യക്തിപരമായ വചന വായന, ധ്യാനം, പഠനം, പ്രാർത്ഥന എന്നിവയുടെ സമയം അപഹരിക്കുന്ന നിലയിലേക്ക് വ്യതിചലിക്കുന്നുവോ എന്ന് സ്വയശോധന ചെയ്യേണ്ടത് ആവശ്യമാണ്. വ്യതി ചലനം തോന്നിയാൽ ഉടൻ തന്നെ അത് ഒഴിവാക്കുന്നത് വലിയ നാശനഷ്ടങ്ങളിൽ നിന്നും നമ്മെ രക്ഷിക്കും.

വചനം പുസ്തകമായി കൈയ്യിൽ കരുതി, വായിക്കുകയും ധ്യാനിക്കുകയും കുറിപ്പുകൾ എഴുതുകയും ചെയ്തു സൂക്ഷിക്കുന്നത് തന്നെ യാണ് ഏറെ ഉത്തമം. നമ്മുടെ കാലം കഴിഞ്ഞാൽ നമ്മുടെ തലമുറകൾക്ക് പോലും നാം ഉപയോ ഗിച്ച ബൈബിൾ ഉപകാരപ്പെടും എന്ന പ്രത്യേക തയും ഉണ്ട്. വചനത്തോടുള്ള നമ്മുടെ പ്രതിപ ത്തിയും താൽപ്പര്യവും കെടാതെ സൂക്ഷിക്കു വാൻ നമ്മുക്ക് ജാഗ്രതയോടെ ആയിരിക്കാം. ദൈവഭയവും ദൈവാവബോധവും നമ്മുടെ എല്ലാ ശുശ്രൂഷകളിലും കൂടിവരവുകളിലും തിളങ്ങി നിൽക്കട്ടെ.

(JCP)






Dr. Johnson C. Philip

# Bible and Archaeology

# The Amazing Ebla Tablets

The Ebla tablets are a collection of over 20,000 clay tablets discovered in the ancient city of Ebla, located in modern-day Syria. The tablets were discovered by Italian archaeologists in 1974, and they date back to the 3rd millennium BC. These tablets provide important insights into the culture and history of the ancient Near East, including the relationships between various peoples and their religious beliefs. One area of particular interest is the connection between the Ebla tablets and the Bible.

One of the most interesting aspects of the Ebla tablets is the similarities between the religious beliefs of the ancient Near East and those found in the Bible. For example, both the Ebla tablets and the Bible describe a flood story in which a great deluge destroys much of the known world. In both accounts, a righteous man is instructed to build an ark to save himself, his family, and various animals from the flood.

Verpad Darsanam

Another area of similarity is the use of the term "El" to refer to the supreme deity. The term "El" appears in both the Ebla tablets and the Bible, and it is used to describe the god of the Israelites. This suggests that the ancient Israelites may have been influenced by the religious beliefs of the ancient Near East.

The similarities between the Ebla tablets and the Bible suggest that the Bible is based on historical events. Others argue that the similarities are simply the result of cultural exchange and do not necessarily indicate a historical connection. The similarities between the religious beliefs found in the Ebla tablets and those found in the Bible suggest that there may have been some cross-cultural influence between the two regions.

In conclusion, the Ebla tablets are an important archaeological discovery that provide important insights into the cultural and religious history of the ancient Near East. While there are similarities between the religious beliefs found in the Ebla tablets and those found in the Bible, there are also significant differences. The Ebla tablets describe a polytheistic culture with a pantheon of gods and goddesses, while the Bible is monotheistic, with one supreme God. Despite these differences, the discovery of the Ebla tablets has shed light on the relationships between various city-states and the religious beliefs that were prevalent in the region. It has also sparked debate among scholars about the historical accuracy of the Bible.

The discovery of the Ebla tablets has significant apologetic value, particularly for those interested in defending the historical reliability of the Bible. The similarities between the religious beliefs found in the Ebla tablets and those found in the Bible suggest that there may have been some cross-cultural influence between the two regions. This, in turn, supports the idea that the Bible is based on historical events and accurately reflects the cultural and religious beliefs of the ancient Israelites.

Several biblical names have been found among the Ebla tablets. These include:

**Abraham:** The Ebla tablets mention a name that is similar to Abraham, suggesting that the name was in use in the ancient Near East.

**Ishmael:** The name Ishmael appears in the Ebla tablets, which provides evidence for the existence of this biblical figure.

**Israel:** The Ebla tablets contain a reference to the land of Israel, which supports the historical accuracy of the Bible.

**David:** Although not a direct reference to King David, the Ebla tablets contain a reference to the "House of David," which suggests that the Davidic dynasty may have been a well-known and influential family in the ancient Near East.

**Sodom:** The Ebla tablets contain a reference to a city called "Sudumu," which some scholars believe may be the same as the biblical city of Sodom.

Jacob: The name Jacob appears in a personal name in the Ebla tablets, providing evidence for the existence of this biblical figure.

**Esau:** The name Esau appears in a personal name in the Ebla tablets, which provides evidence for the existence of this biblical figure as well.

The discovery of these biblical names among the Ebla tablets provides important evidence for the historical reliability of the Bible and supports the idea that the Bible accurately reflects the cultural and historical background of the ancient Near East. The Ebla tablets also provide a rich source of information for those interested in exploring the historical and cultural background of the Bible and the wider ancient Near East.



Picture: Ebla Tablet, by Davide Mauro



ഡോ. സനീഷ് ചെറിയാൻ

# രക്ഷയ്ക്ക് നിദാനമായ വിശ്വാസം



രക്ഷയോടുള്ള ബന്ധത്തിൽ അടിസ്ഥാനമായിരിക്കുന്ന വിഷയങ്ങളിൽ ഒന്നാണ് മാനസാന്തരം എന്നു നാം കണ്ടു. ദൈവവചന കേൾവിയിലൂടെ പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും ദൈവനീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുമ്പോൾ പാപ സംബന്ധമായി മനസ്സിലുണ്ടാകുന്ന സമൂല മാറ്റമാണ് മാനസാന്തരം എന്ന് ഒറ്റ വാചകത്തിൽ പറയാം (റോമർ 10:17; യോഹന്നാൻ 16:18). ദൈവ വചനത്തിലൂടെ പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ ചെയ്യുന്ന പ്രവൃത്തിയുടെ ഫലമാണ് മാനസാന്തരം (എബ്രായർ 4:12). മാനസാന്തരപ്പെട്ട ഒരു ഹൃദയത്തിൽ മാത്രമേ വിശ്വാസം എന്ന വിത്ത് മുളച്ചു വളരുകയുള്ളൂ. മാനസാന്തരപ്പെട്ട ഹൃദയത്തിൽ രക്ഷയ്ക്കായി പരിശുദ്ധാത്മാവ് നൽകുന്ന വിശ്വാസത്തിന്റെ അളവ് തുല്യമാണ്. എങ്കിലും തുടർന്നുള്ള പ്രവർത്തനത്തിൽ വിശ്വാസത്തിൽ ഏറ്റക്കുറച്ചിലുകൾ

വ്യക്തിപരമായി ഉണ്ടാകും എന്നത് വചനം വ്യക്തമാക്കുന്നു (റോമർ 12:3).

വിശ്വാസത്തിൽ കുറവ് സംഭവിക്കാം എന്നും അത് നികത്തപ്പെടുവാൻ തങ്ങൾ പ്രാർത്ഥിക്കുന്നു എന്ന് അപ്പോസ്തലൻ വ്യക്തമാക്കുന്നു (1 തെസലോനിക്യർ 3:10). വിശ്വാസത്തിൽ മായം ചേർക്കാതെ ജീവിക്കുന്നതിനെ നിർവ്യാജ വിശ്വാസം എന്നും ദൈവാത്മാവ് വിശേഷിപ്പിക്കുന്നു (2 തിമോത്തിയോസ്1:4).

പാപസംബന്ധമായി മാനസാന്തരപ്പെട്ട ഹൃദയത്തിൽ പരിശുദ്ധാത്മാവാം ദൈവം നൽകുന്ന വിശ്വാസ ബീജത്തിൽ രക്ഷ രൂപീകൃതമാകുന്നതിനു അടിസ്ഥാനപരമായി ചില കാര്യങ്ങൾ ഉൾക്കൊള്ളുന്നതായി തിരുവെഴുത്ത് വെളിപ്പെടുത്തുന്നു. അവയെ ചുവടെ ചേർക്കും വിധം ക്രമീകരിച്ചു മനസ്സിലാക്കാവുന്നതാണ്.

1. യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും വന്ന ദൈവപുത്രനാണ് എന്ന് പൂർണ്ണഹൃദയത്തോടെ വിശ്വസിക്കണം (യോഹന്നാൻ 16:30; 20:28; 1 യോഹന്നാൻ 4:2).
2. ക്രൂശ് മരണത്താൽ യേശു എന്റെ പാപത്തിനു പരിഹാരം ഒരുക്കി എന്ന് വിശ്വസിക്കണം (എബ്രായർ 1:3).
3. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപ പരിഹാരം വരുമെന്ന സുവിശേഷദൂതിൽ പൂർണ്ണമായി വിശ്വസിക്കണം (യോഹന്നാൻ 5:24; 1:12).
4. യേശുക്രിസ്തു മാത്രമാണ് രക്ഷിതാവ് എന്ന് വിശ്വസിക്കുകയും അംഗീകരിക്കുയും വേണം (അപ്പോസ്തോല പ്രവൃത്തികൾ 4:12).

5. ക്രിസ്തുവിൽ വിശ്വസിക്കുന്നതിനാൽ ദൈവത്തിന്റെ നീതിയുള്ള ശിക്ഷാവിധിയിൽ നിന്നും സ്വതന്ത്രനായി എന്ന് വിശ്വസിക്കണം (റോമർ 8:1).

## വിശ്വാസവും ഏറ്റു പറച്ചിലും

ദൈവത്തിന്റെ പരിശുദ്ധാത്മാവ് രക്ഷയ്ക്കായി ഹൃദയത്തിൽ നൽകുന്ന വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന വിഷയങ്ങൾ നാം മുകളിൽ കണ്ടു. ആ വിശ്വാസ വചനങ്ങളെ ഏറ്റു പറയുക എന്നതും രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ വചനം വ്യക്തമാക്കുന്ന പ്രമാണമാണ്. അതിനാൽ തന്നെ രക്ഷയോടുള്ള ബന്ധത്തിൽ വിശ്വാസത്തിനും ഏറ്റു പറച്ചിലിനും തുല്യ പ്രാധാന്യമുണ്ട് (റോമർ 10:9,10). ഏറ്റു പറച്ചിൽ എന്നത് ആന്തരിക വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. വിശ്വസിക്കുന്നത് എന്തോ അത് അതേ നിലയിൽ പരസ്യമായി പ്രഖ്യാപിക്കുന്നതാണ് ഏറ്റുപറച്ചിൽ എന്നത് അർത്ഥമാക്കുന്നത്. അതിനാൽ ഈ ഏറ്റു പറച്ചിൽ ആന്തരിക വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് (അപ്പോസ്തോല പ്രവൃത്തികൾ 8:37; യോഹന്നാൻ 4:2).

സുവിശേഷത്തിന്റെ കേൾവിയാൽ ഒരു വ്യക്തിയുടെ ഹൃദയത്തിൽ ഉണ്ടാകുന്ന ബോധ്യവും അംഗീകാരവുമാണ് ആ വ്യക്തിയെ രക്ഷയിലേക്ക് നയിക്കുന്നത്. അതിനാൽ ഏറ്റു പറച്ചിലിനെ ആന്തരീക ബോധ്യത്തിന്റെയും അംഗീകാരത്തിന്റെയും പരസ്യപ്രഖ്യാപനം എന്ന് പറയാം. തിരുവെഴുത്തിൽ രക്ഷയുടെ അനുഭവത്തിൽ വന്നവരെക്കുറിച്ച് പറയുന്ന സന്ദർഭങ്ങളിലെല്ലാം ഈ ഏറ്റു പറച്ചിലിനെ കുറിച്ചും എടുത്തു പറഞ്ഞിട്ടുണ്ട്. (യോഹന്നാൻ 1:49, 4:29;6:69; 11:27).

യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ അടുക്കൽ വിവിധ സംശയങ്ങളോടെ അടുത്തു വന്നവരും. കർത്താവിന്റെ സാമീപ്യത്താൽ പുതുബോധ്യങ്ങളിൽ എത്തിയവരും, തങ്ങളുടെ ബോധ്യങ്ങൾ മറച്ചു പിടിക്കാതെ തുറന്നു പറയുന്നത് കാണുവാൻ സാധിക്കും. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

**നഥനയേൽ-** നസറത്തിൽ നിന്ന് വല്ല നന്മയും വരുമോ എന്ന ചോദ്യവുമായി കർത്താവിന്റെ ശിഷ്യന്മാരുടെ അടുക്കൽ വന്ന നഥനയേൽ കർത്താവിന്റെ അടുക്കൽ വന്നു തന്റെ വാക്കുകൾക്ക് ശ്രദ്ധ കൊടുത്തപ്പോൾ ഏറ്റു പറയുന്ന പ്രസ്താവന- നീ ദൈവപുത്രൻ, യിസ്രായേലിന്റെ രാജാവ് എന്നാണ് (യോഹന്നാൻ 1:49).

**ശമര്യക്കാരി** - കർത്താവിനെ അടുത്തു പരിചയപ്പെട്ട ശമര്യക്കാരിയായ സ്ത്രീയ്ക്ക് കർത്താവ് ആരെന്നത് സംബന്ധിച്ച് ഉണ്ടായ ബോധ്യത്തെക്കുറിച്ച് പറയുന്നത് - ഞാൻ ചെയ്തത് ഒക്കെയും എന്നോട് പറഞ്ഞ മനുഷ്യൻ ക്രിസ്തു ആയിരിക്കുമോ എന്നാണ്. തന്റെ ജീവിതത്തെ നന്നായി അറിയുന്ന വ്യക്തി വാഗ്ദത്ത മശിഹ ആകുന്ന ക്രിസ്തുവാണെന്ന ബോധ്യം അവൾ പട്ടണ വാസികളോട് പറയുന്നതും അവർ തങ്ങളുടെ ബോധ്യം ഏറ്റു പറയുന്നതും നാം കാണുന്നു (യോഹന്നാൻ 4:26,29). മശിഹയ്ക്ക് വേണ്ടി കാത്തിരിക്കുന്ന അവളുടെ ഹൃദയത്തിന്റെ ആഗ്രഹം ക്രിസ്തുവിൽ സാധ്യമായപ്പോൾ അത് പരസ്യമായി പ്രഖ്യാപിക്കുവാൻ അവൾ ശങ്കിച്ചില്ല.

**പത്രോസ്** - ശിഷ്യന്മാരിൽ പലരും കർത്താവിനെ വിട്ടു പോയപ്പോൾ പന്തിരുവരോട് കർത്താവ് ചോദിക്കുന്നു; "നിങ്ങൾക്കും

പൊയ്ക്കൊൾവാൻ മനസ്സുണ്ടോ" എന്ന്. പോകണം എങ്കിൽ പോകാം എന്ന ധ്വനി ആ വാക്കുകളിൽ വ്യക്തമാണ്. എന്നാൽ അപ്പോസ്തലന്മാരുടെ പ്രതിനിധി എന്ന നിലയിൽ പത്രോസ് ഏറ്റു പറയുന്ന തന്റെ ബോധ്യവും ശ്രദ്ധേയമാണ്. "നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു." (യോഹന്നാൻ 6:69). എത്ര കൃത്യവും വ്യക്തവുമായ നിലയിലാണ് പത്രോസ് വാക്കുകൾ സംസാരിക്കുന്നത്.

**മാർത്ത** – ലാസറിന്റെ സഹോദരിയായ മാർത്ത കർത്താവിനെ ശുശ്രൂഷിക്കുന്നതിൽ ഉത്സുകയായിരുന്നു. അതിനു കാരണം എന്തെന്ന് അവസരം വന്നപ്പോൾ മാർത്ത യാതൊരു ശങ്കയുമില്ലാതെ ഏറ്റുപറയുന്നത് ശ്രദ്ധിക്കുക; ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ" (യോഹന്നാൻ 11:27). മാർത്തയും മറിയയും കർത്താവിനെ സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ഉത്സാഹം കാണിച്ചതിന് പിന്നിൽ വ്യാപരിച്ചത് ഈ ബോധ്യം ആയിരുന്നു.

**തോമസ്** – സംശയത്തിന്റെ പ്രതിനിധിയായ തോമസ് അപ്പോസ്തോലൻ ഞാൻ കർത്താവിനെ തൊട്ടല്ലാതെ, കർത്താവിന്റെ ഉയിർപ്പ് അംഗീകരിക്കില്ല എന്ന നിലപാട് സ്വീകരിക്കുന്നത് നാം കാണുന്നു. എന്നാൽ കർത്താവ് തന്റെ മുമ്പിൽ വന്നു നിന്ന് എന്നെ തൊടുക എന്ന് പറയുമ്പോൾ തൊട്ടു ബോധ്യം വരുത്തുവാൻ ആവശ്യമില്ലാതെ തന്റെ ഹൃദയം താൻ വെളിപ്പെടുത്തുന്നത് "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" എന്നാണ്.

കർത്താവിന്റെ അടുക്കൽ വരുന്ന ഏതൊരു വ്യക്തിക്കും കർത്താവിനെക്കുറിച്ച് ഒരു ബോധ്യം ഉണ്ടാകും. ആ ബോധ്യം ഏറ്റു പറയുന്നത് സ്വീകരണത്തിന്റെ അടയാളമായിട്ടു കൂടിയാണ്. സുവിശേഷം കേട്ട്, പാപ ബോധം വന്നു, മാനസാന്തരപ്പട്ടു, യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ഏതൊരു വ്യക്തിക്കും തനിക്ക് കർത്താവിനെക്കുറിച്ച് ഉള്ളിലുണ്ടായ ബോധ്യം ഏറ്റു പറയുവാൻ കടമയുണ്ട്. ഈ ഏറ്റു പറച്ചിൽ സ്വയ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുക എന്നതാണ് പ്രധാനകാര്യം. മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങിയോ, അവരുടെ ആശയത്തിനൊത്ത് പറഞ്ഞു തരുന്നത് ഏറ്റു പറയുന്നതോ അല്ല വചനത്തിൽ കാണുന്ന മാതൃക. മുകളിൽ നാം കണ്ട സന്ദർഭങ്ങളിൽ എല്ലാം വ്യക്തികൾ സ്വയ ബോധ്യത്താൽ സ്വന്തം വാക്കുകളിൽ തങ്ങളുടെ ബോധ്യം വെളിപ്പെടുത്തുകയാണ് ചെയ്തത്. അക്ഷര പ്രാസമോ, ആശയ ഭംഗിയോ അല്ല. ആത്മാവിന്റെ വ്യാപാരത്താൽ ഉള്ളിൽ നിന്നും വരുന്ന ആത്മാർത്ഥമായ വാക്കുകളാണ് ആവശ്യം. ഇന്ന് പലരും ഉള്ളിൽ നിന്നല്ലാതെ മറ്റുള്ളവരുടെ വാക്കുകൾ ഏറ്റു പറയുന്ന പതിവുണ്ട്. പ്രത്യേകിച്ചും കുട്ടികളോടുള്ള ബന്ധത്തിൽ.

ക്രിസ്ത്യാനികളെ കൊന്നൊടുക്കുവാൻ അധികാര പത്രവും വാങ്ങി വീറോടെ പ്രവർത്തിച്ച പൗലോസിനെ കർത്താവ് പിടിച്ചപ്പോൾ പൗലോസ് പറയുന്ന വാക്കും കർത്താവേ (അപ്പോസ്തല പ്രവർത്തികൾ 9:5) എന്നതാണ്.

Verpad Darsanam

എന്ത് വിശ്വസിക്കുന്നു എന്നതാണ് രക്ഷയ്ക്ക് അടിസ്ഥാനമായിരിക്കുന്നത്. വിശ്വസിക്കുന്നതും ബോധ്യമുള്ളതുമായ വിഷയങ്ങൾ കൃത്യമായി ഏറ്റുപറയണം എന്നത് കർത്താവിന്റെ കല്പനയാണ്

കർത്താവിനെക്കുറിച്ച് വ്യക്തമായ ഒരു ബോധ്യം ഉള്ളിൽ ഉണ്ടാവുക എന്നതാണ് രക്ഷയിലെ മുഖ്യ വിഷയം. കർത്താവിനെ വ്യക്തമായി അറിഞ്ഞു കർതൃത്വം കർത്താവിനു ഏല്പിച്ചു കൊടുക്കുന്ന വിശ്വാസിക്ക് രക്ഷയുടെ അനുഭവത്തിലുള്ള ജീവിതം കേവലം ഒരു ജീവിതചര്യ ആയിരിക്കില്ല. ജീവിത ലക്ഷ്യം തന്നെ ആയിരിക്കും. പൗലോസിന്റെ ജീവിതത്തിലെ രക്ഷാ ബോധ്യം കർത്താവിനു വേണ്ടി പ്രാണത്യാഗം ചെയ്യുന്ന തലത്തിലേക്ക് തന്നെ ഉയർത്തി എന്നത് തിരുവെഴുത്തിൽ നാം കാണുന്നു.

ഏറ്റുപറച്ചിലിന് വചനം പ്രാധാന്യം നൽകുമ്പോൾ തന്നെ വിശ്വാസത്തിനാണ് പ്രഥമസ്ഥാനം നൽകുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കണം. മാനസാന്തരവും വിശ്വാസവും ഒരു വ്യക്തിയിൽ ക്രിയ ചെയ്യുമ്പോൾ തൽഫലമായി ഉണ്ടാകുന്ന സാക്ഷ്യപ്പെടുത്തലാണ് ഏറ്റുപറച്ചിൽ. കേവലം ഏറ്റുപറച്ചിൽ ഒരിക്കലും രക്ഷയ്ക്ക് കാരണമാകുന്നില്ല. എന്ത് വിശ്വസിക്കുന്നു എന്നതാണ് രക്ഷയ്ക്ക് അടിസ്ഥാനമായിരിക്കുന്നത്. വിശ്വസിക്കുന്നതും ബോധ്യമുള്ളതുമായ വിഷയങ്ങൾ കൃത്യമായി ഏറ്റുപറയണം എന്നത് കർത്താവിന്റെ കല്പനയാണ് (റോമർ 10:9,10). പാപത്തിനു കർതൃത്വം കൊടുത്തു ജീവിച്ച വ്യക്തി പാപത്തോടും

പാപവഴികളോടും വിടപറഞ്ഞു, ക്രിസ്തുവിനു ജീവിതത്തിൽ കർതൃത്വം നൽകുകയും, കർതൃത്വം പുതിയ യജമാനന് നൽകിയിരിക്കുന്ന വിഷയം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു എന്നതാണ് ഈ വാക്യം അർത്ഥമാക്കുന്നത്.

## വിശ്വാസവും അനുസരണവും

രക്ഷയ്ക്കായി വിശ്വാസത്തോട് മാനസാന്തരവും ഏറ്റുപറച്ചിലും ഇഴചേർന്ന് ഇരിക്കുന്നത് പോലെ തന്നെ ചേർന്നിരിക്കുന്ന ഒന്നാണ് അനുസരണം (യോഹന്നാൻ 3:36; യാക്കോബ് 2:17,18). ക്രിസ്തുവിലുള്ള വിശ്വാസത്താൽ പുതുജനനം പ്രാപിക്കുന്ന വ്യക്തി വിശ്വാസം എന്ന അടിസ്ഥാനത്തിൽ സകലത്തിലും ക്രിസ്തുവിനെ അനുസരിക്കുവാൻ ബാധ്യസ്ഥനാകുന്നു. തന്റെ വിശ്വാസം മറ്റുള്ളവർക്ക് വെളിപ്പെടുന്നതും ബോധ്യപ്പെടുന്നതും കർത്താവിനോടുള്ള അനുസരണത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളിൽ കൂടിയാണ്. വിശ്വാസവും പ്രവൃത്തിയും പൂരകങ്ങളായി ചേർന്ന് പോകണം. വിശ്വാസം പ്രവൃത്തി ഇല്ലാത്തത് ആണെങ്കിൽ നിർജീവം എന്ന് ദൈവാത്മാവ് വ്യക്തമാക്കുന്നു. രക്ഷിക്കപ്പെട്ടവരായ നാം നമ്മുടെ ജീവിതവും പ്രവർത്തനവും കർത്താവിനോടുള്ള അനുസരണത്തിൽ ശരിയായ വിധത്തിലാണോ നയിക്കുന്നത് എന്ന് ശോധന ചെയ്യുവാൻ ആവശ്യമുണ്ട്.

“പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു.”

(തുടരും)



മിസിസ് ശാന്ത ജോൺസൺ



# പാപങ്ങളെ മോചിക്കുന്ന കർത്താവ്

(മർക്കൊസ് 2:1–12, ലൂക്കോസ് 5:17–26, മത്തായി 9:1–7)



ഒരു ദിവസം കർത്താവ് കഫർന്നഹൂമിൽ ഒരു വീട്ടിൽ പോയി. കർത്താവ് ആ വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി. ഉടനെ വാതിൽക്കൽ പോലും ഇടമില്ലാത്തവണ്ണം, പലരും വന്നു. അപ്പോൾ ഇതാ 4 പേർ ചേർന്നു ഒരു പക്ഷവാതക്കാരനെ ചുമന്നു കൊണ്ട് വന്നു. പുരുഷാരം കാരണം വീടിനകത്തു പ്രവേശിക്കുവാനോ കർത്താവിന്റെ അടുത്തു ചെല്ലുവാനോ സാധ്യമല്ലായിരുന്നു.

അവർ ആ വീടിന്റെ മേല്ക്കൂര പൊളിച്ചു തുറന്നു പക്ഷവാതക്കാരനെ കിടക്കയോട് കൂടി ഇറക്കി വെച്ചു. യേശു അവരുടെ വിശ്വാസം കണ്ട്, പക്ഷവാതക്കാരനോട് പറഞ്ഞു; മകനെ നിന്റെ പാപങ്ങൾ ഞാൻ മോചിച്ചു തന്നിരിക്കുന്നു.

അവിടെ ചില ശാസ്ത്രിമാർ ഉണ്ടായിരുന്നു. യേശു ഇങ്ങനെ ദൈവദൂഷണം പറയുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ ആർക്കും പാപങ്ങളെ മോചിക്കുവാൻ സാധിക്കുകയില്ല എന്ന് ഹൃദയത്തിൽ ചിന്തിച്ചു.

കർത്താവ് ദൈവമാണ്. അതുകൊണ്ട് അവരുടെ ഹൃദയവിചാരങ്ങൾ അറിഞ്ഞു അവരോട് ചോദിച്ചു. നിങ്ങൾ ഇങ്ങനെ ഹൃദയത്തിൽ ചിന്തിക്കുന്നത് എന്ത്? ഏതാണ് എളുപ്പം പക്ഷവാതക്കാരനോട് പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ? എഴുന്നേറ്റു കിടക്ക എടുത്ത് നടക്ക എന്നു പറയുന്നതോ? എന്ന് ചോദിച്ചു. അതിന് ശേഷം കർത്താവ് പക്ഷവാതക്കാരനോട് പറഞ്ഞു; എഴുന്നേറ്റു കിടക്ക എടുത്ത് വീട്ടിലേക്ക് പോക എന്ന് ഞാൻ നിന്നോട് പറയുന്നു. ഉടനെ അവൻ എഴുന്നേറ്റ് കിടക്ക എടുത്തു കൊണ്ട് തിരിച്ചു പോകുന്നു. അതാണ് അത്ഭുതം. എല്ലാവരും വിസ്മയിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

**മനഃപാഠം** (മർക്കോസ് 2:5)

യേശു അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട് മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു.

## ഗുണപാഠം

1. അവർ കർത്താവിൽ വിശ്വസിച്ചു. അതു കൊണ്ട് പക്ഷവാതക്കാരൻ സൗഖ്യമായി. നാമും വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണും

2. ശാസ്ത്രിമാർ ജ്ഞാനികളായിരുന്നു എങ്കിലും അവർ കർത്താവിൽ വിശ്വസിച്ചി ല്ല. അതുകൊണ്ട് അവർ ലജ്ജിക്കേണ്ടതായി വന്നു.

3. കർത്താവ് ശാസ്ത്രിമാരുടെ ഹൃദയത്തിലെ ചിന്ത അറിഞ്ഞു. നമ്മുടെ ഹൃദയചിന്തകളും വിചാരങ്ങളും ദൈവം അറിയുന്നു എന്ന റിഞ്ഞു ഹൃദയത്തെ വിശുദ്ധിയോടെ സൂ ക്ഷിക്കേണ്ടതാവശ്യമാണ്.

4. നമ്മുടെ കർത്താവ് സർവ്വശക്തനും, സർവ്വ ജ്ഞാനിയുമായ ദൈവമാണ്. അതുകൊണ്ട് ആ കർത്താവിനെ നമ്മൾക്ക് പൂർണ്ണമായി ആശ്രയിക്കാം.

5. കർത്താവ് വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി. അതുപോലെ നമ്മുടെ ജീവിതം കൊണ്ടും മറ്റുള്ളവർ കർത്താവിനെ അറിയേണം. നാം നല്ല സുവിശേഷം മറ്റുള്ളവരോട് പറയണം.